"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - വയനാട് ജില്ലാ പഞ്ചായത്തിലെ 2002-03 വർഷത്തെ ജനകീയാസൂത്രണ പദ്ധതിയിൽ ഉൾപ്പെട്ട താളൂർ ജലസേചന കനാൽ നിർമ്മാണ പദ്ധതിയുടെ കൺവീനറായ ശ്രീ എൻ. ജി ശ്രീധരന് അധികമായി നൽകിയ 38,380/- രൂപ തിരികെ ഈടാക്കണമെന്ന സംസ്ഥാന ഓഡിറ്റ് വകുപ്പ് പരമാർശം- തുക തിരികെ ഈടാക്കുന്നതിൽ നിന്നും ഒഴിവാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ(എഎ) വകുപ്പ്**

സ.ഉ.(സാധാ) നം.2081/2025/LSGD തീയതി,തിരുവനന്തപുരം, 22-08-2025

---

പരാമർശം:-

1. വയനാട് ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുടെ 01.08.2024-ലെ ഡി.പി.8-3084/07 നമ്പർ കത്ത്.
2. കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 19.07.25-ലെ ഡി.കെ.എസ്.എ/1512/പി.റ്റി.3/2025 നമ്പർ കത്ത്.

**ഉത്തരവ്**

വയനാട് ജില്ലാ പഞ്ചായത്തിലെ 2002-03 വർഷത്തെ ജനകീയാസൂത്രണ പദ്ധതിയിൽ ഉൾപ്പെട്ട താളൂർ ജലസേചന കനാൽ നിർമ്മാണ പദ്ധതിയുടെ കൺവീനറായിരുന്ന ശ്രീ എൻ. ജി ശ്രീധരന് പ്രവൃത്തിയുടെ തെറ്റായ മൂല്യനിർണ്ണയം മൂലം അധികമായി നൽകിയ 38,380/- രൂപ തിരികെ ഈടാക്കണമെന്ന് കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് 2002-03 ലെ റിപ്പോർട്ട് ഖണ്ഡിക 12 പ്രകാരം നിർദ്ദേശിച്ചിരുന്നു. എന്നാൽ ടിയാൻ മരണപ്പെട്ടതായും പട്ടികവർഗ്ഗത്തിൽപ്പെട്ടവരും സാമ്പത്തിക ബുദ്ധിമുട്ട് നേരിടുന്നതിനാലും വരുമാനമാർഗ്ഗങ്ങളില്ലാത്തതിനാലും പ്രസ്തുത ബാധ്യതയിൽ നിന്നും ഒഴിവാക്കണമെന്ന് ടിയാന്റെ ഭാര്യയുടെ അപേക്ഷ പരിഗണിച്ച് പ്രസ്തുത ഓഡിറ്റ് റിപ്പോർട്ടിലെ ബാധ്യതയിൽ നിന്ന് ഒഴിവാക്കുന്നതിനുള്ള അനുമതിയ്ക്കായി ജില്ലാ പഞ്ചായത്ത് ഭരണസമിതി തീരുമാനം പ്രകാരം ജില്ലാ പഞ്ചായത്ത് സെക്രട്ടറി സൂചന ഒന്നു പ്രകാരം സർക്കാരിലേക്ക് അപേക്ഷിച്ചിരുന്നു. നഷ്ടത്തിന് ഉത്തരവാദിയായ കൺവീനർ ശ്രീ. എൻ.ജി. ശ്രീധരൻ മരണപ്പെട്ട സാഹചര്യത്തിലും, ബാധ്യത ഈടാക്കാൻ മറ്റ് മാർഗ്ഗമില്ലെന്ന പഞ്ചായത്ത് കമ്മിറ്റി, ടിയാന്റെ ഭാര്യ എന്നിവരുടെ അപേക്ഷ പരിഗണിച്ചും പരാമർശം ഒഴിവാക്കുന്ന വിഷയത്തിൽ സർക്കാരിന് ഉചിതമായ തീരുമാനം എടുക്കാവുന്നതാണെന്നും വകുപ്പിന് എതിരഭിപ്രായം ഇല്ല എന്നും സൂചന രണ്ട് പ്രകാരം സംസ്ഥാന ഓഡിറ്റ് ഡയറക്ടർ അറിയിക്കുകയുംചെയ്തു..

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. വയനാട് ജില്ലാ പഞ്ചായത്തിലെ 2002-03 വർഷത്തെ താളൂർ ജലസേചന കനാൽ നിർമ്മാണ പദ്ധതിയുടെ കൺവീനറായ ശ്രീ എൻ. ജി ശ്രീധരന് അധികമായി നൽകിയ 38,380/-(മുപ്പത്തി എണ്ണായിരത്തി മുന്നൂറ്റി എൺപത് രൂപ) തിരികെ ഈടാക്കുന്നതിൽ നിന്നും ഒഴിവാക്കി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
GANGA G R
അണ്ടർ സെക്രട്ടറി

സെക്രട്ടറി, ജില്ലാ പഞ്ചായത്ത്, വയനാട്
പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരവനന്തപുരം.
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവന്തപുരം.
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.

സ്റ്റോക്ക് ഫയൽ/ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

Signed by
Jayakrishnan. K
Date: 22-08-2025 16:16:31

സെക്ഷൻ ഓഫീസർ